നമ്പർ: 294/2016

**സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി) വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിന്മേൽ ആരൂഢനായിരിക്കുന്ന പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ**

കർത്താവിൽ നമ്മുടെ എല്ലാ പള്ളികളിലേയും വികാരിമാരും, സഹപട്ടക്കാരും, ദേശത്തുപട്ടക്കാരും, പള്ളികൈസ്ഥാനികളും, ശേഷം വിശ്വാസികളും കൂടിക്കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്!

പ്രിയരെ,
സ്രഷ്ടാവായ ദൈവം പ്രപഞ്ചത്തിൽ അനുഗ്രഹിച്ചു നൽകിയ വരദാനങ്ങളാണല്ലോ വിവിധ തരത്തിലുള്ള ഊർജ്ജവും ജലവും. എന്നാൽ ആധുനിക ശാസ്ത്രത്തിന്റെ ചിറകിലേറി മുന്നേറുന്ന മനുഷ്യരാശി ഊർജ്ജ പ്രതിസന്ധിയുടേയും ജല ദാരിദ്ര്യത്തിന്റേയും വക്കിലാണ്. നാം ഇന്ന് ഉപയോഗിക്കുന്ന ഊർജ്ജത്തിന്റെ മുക്കാൽ പങ്കും പുതുക്കപ്പെടാത്ത പാരമ്പര്യ ഊർജ്ജ സ്രോതസുകളിൽ നിന്നുള്ളതാണ്. അസംസ്കൃത എണ്ണ, കൽക്കരി, പ്രകൃതിവാതകം മുതലായ ഊർജ്ജ സ്രോതസുകൾ ഉപയോഗിക്കുന്തോറും തീർന്നു പോകുന്നവയാണ്. മാത്രമല്ല, ആകെ ഉൽപ്പാദനത്തിന്റെ 30% ഊർജ്ജവും പാഴായിപ്പോവുകയുമാണ്. നമ്മുടെ ജല സ്രോതസുകളുടെ കാര്യവും ഏതാണ്ട് ഈ വിധം തന്നെ. വറ്റിവരണ്ട നദികളും ജലാശയങ്ങളും മനുഷ്യന്റെ നിലനിൽപ്പിനെത്തന്നെ അപകടത്തിലാക്കിയേക്കും. ഈ കാര്യങ്ങൾ ഗൗരവമായി പരിഗണിക്കുമ്പോൾ ഊർജ്ജ - ജല സംരക്ഷണത്തിന്റെ ആവശ്യകതയാണ് തെളിഞ്ഞുവരുന്നത്. ഊർജ്ജ സംരക്ഷണം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് നമ്മുടെ ആവശ്യങ്ങളും സൗകര്യങ്ങളും ഉപേക്ഷിക്കണമെന്നല്ല, മറിച്ച് ഊർജ്ജത്തിന്റെ ദുരുപയോഗം തടയലും മേൻമ കൂടിയ വൈദ്യുതോപകരണങ്ങളുടെ ഉപയോഗം വർദ്ധിപ്പിക്കലും പ്രസരണനഷ്ടം കുറയ്ക്കലും ചോർച്ച ഒഴിവാക്കലുമാണ്.

കർത്താവിൽ പ്രിയരെ, ഭൂമിയുടെ ഭാവിയെത്തന്നെ ബാധിക്കുന്ന ഈ വിഷയത്തിന്റെ ഗൗരവാവസ്ഥ സംബന്ധിച്ച് നമ്മുടെ കുടുംബങ്ങൾക്ക് ബോധവൽക്കരണം നൽകുവാൻ ഈ വർഷം നാം വേർതിരിക്കുകയാണ്. ആയതിനാൽ 2017 വർഷം സഭയുടെ ഊർജ്ജ - ജല സംരക്ഷണ വർഷമായിരിക്കുന്നതാണ്. **'സിനേർഗിയ'** എന്ന ശീർഷകത്തിൽ സഭാ മാനവശാക്തീകരണ വിഭാഗത്തിന്റെ മുഖ്യ ചുമതലയിൽ ഈ പദ്ധതി നടപ്പാക്കുന്നതിനുള്ള ക്രമീകരണങ്ങൾ ചെയ്യുന്നതാണ്. സഭയിലെ എല്ലാ ആദ്ധ്യാത്മിക പ്രസ്ഥാനങ്ങളും ഈ വിഷയം ഏറ്റെടുക്കുകയും കേന്ദ്ര ഓഫീസിൽ നിന്ന് ലഭിക്കുന്ന നിർദ്ദേശങ്ങളിൻ പ്രകാരം ഭവനങ്ങളിലും സ്ഥാപനങ്ങളിലും ഇടവകകളിലും ഊർജ്ജ - ജല സംരക്ഷണ പരിപാടികൾ സംഘടിപ്പിക്കുകയും വേണം.

ശേഷം പിന്നാലെ, സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യകമറിയാം അമ്മയുടേയും ഇന്ത്യയുടെ കാവൽപിതാവായ മാർത്തോമ്മാ ശ്ലീഹായുടേയും നമ്മുടെ പരിശുദ്ധ പിതാക്കൻമാരായ മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാന്മാരുടേയും ശുദ്ധിമതികളുടേയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ..........................

**ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ**

2016 ഡിസംബർ മാസം 30-ാം തീയതി
കോട്ടയം കാതോലിക്കേറ്റ്
അരമനയിൽനിന്നും.